വയിൽനിന്ന് വേർതിരിച്ചെടുത്ത് അവകൊണ്ട് ബീജാധാനം നടത്തി ഗർഭത്തിൽ പുരുഷസന്താനമാണെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങളും നടന്നുവരുന്നുണ്ട്. ഇത്തരം സങ്കേതവിദ്യകൾക്കെല്ലാം അടിയിലുള്ളത് സമൂഹത്തിനു സ്ത്രീയുടെ നേരെയുള്ള നിന്ദാഭാവമാണെന്ന വസ്തുത മറന്നുകൂടാ.

പുരുഷനേക്കാൾ താഴെയാണോ സ്ത്രീ? സ്ത്രീയാണെന്നതുകൊണ്ടുമാത്രം ഒരു ശിശുവിനു പിറക്കാനും വളരാനുമുള്ള അവകാശം നിഷേധിക്കപ്പെടാമോ?

നിയമനിർമാണത്തിലൂടെ സമാധാനം കാണേണ്ട ഒരു പ്രശ്നമല്ല ഇതു്. കാരണം, എത്ര കർശനമായാലും നിയമത്തെ മറികടക്കാൻ സമർത്ഥർക്കു കഴിയും. മനുഷ്യരുടെ—പുരുഷന്മാരുടെയും സ്ത്രീകളുടെയും—ഹൃദയങ്ങളിൽ ഒരു പരിവർത്തനം വരുന്നതുകൊണ്ടു മാത്രമേ പെൺവർഗത്തോടുള്ള ക്രൂരത എന്നന്നേക്കുമായി അവസാനിപ്പിക്കുവാൻ സാദ്ധ്യമാവുകയുള്ളു.

* നിങ്ങൾക്ക് ഇനി പിറക്കാൻപോകുന്നതു് ഒരു പെൺകുഞ്ഞാണെന്നു മുൻകൂട്ടി അറിഞ്ഞാൽ, ആ പിറവി തടയാൻ നിങ്ങൾ ശ്രമിക്കുമോ?

* പിറന്നുകഴിഞ്ഞ പെൺകുഞ്ഞിനു ശ്രദ്ധയോ ശുശ്രൂഷയോ നല്കാതെ ചെറുപ്പത്തിൽത്തന്നെ ആ കുഞ്ഞു മരിക്കുവാൻ നിങ്ങൾ ഇടവരുത്തുമോ?

* നിങ്ങളുടെ ആൺകുട്ടികൾ വിവാഹംചെയ്യുമ്പോൾ സ്ത്രീധനം വേണമെന്നു നിങ്ങൾ നിർബന്ധിക്കുമോ?

* പറഞ്ഞൊത്ത സ്ത്രീധനത്തിൽ ശ്വശുരൻ കുറവു വരുത്തിയാൽ പുത്രന്റെ ഭാര്യയെ നിങ്ങൾ ദ്രോഹിക്കുകയും തരംകിട്ടിയാൽ തീകൊളുത്തി കൊല്ലുകയുംചെയ്യുമോ?

ഇന്ത്യക്കാരിൽ ഒട്ടധികംപേർ ഇതെല്ലാം ചെയ്യുന്നവരാണെന്നു ലജ്ജയോടെ ഓർക്കുക!

(28 ജൂൺ, 1987)

# 73. സാംസ്കാരിക പ്രതിസന്ധിയും സാഹിത്യകാരനും

'ഇന്ത്യയിലെ സമകാലിക സാംസ്കാരിക പ്രതിസന്ധി' എന്നതുകൊണ്ടു യഥാർത്ഥത്തിൽ നാം വിവക്ഷിക്കുന്നതു വ്യത്യസ്തങ്ങളായ രണ്ടു പ്രതിഭാസങ്ങളെയാണ്. പാരമ്പര്യാധിഷ്ഠിതങ്ങളെന്നോ മതാധിഷ്ഠിതങ്ങളെന്നോ വിളിക്കപ്പെടുന്ന ചില മൂല്യങ്ങൾക്കു സ്വാതന്ത്ര്യാനന്തരത്തിൽ നേരിട്ടുകൊണ്ടിരിക്കുന്ന ത്വരിതമായ അപചയമാണ് ഇവയിലൊന്ന്. മറേറതു് ആധുനികങ്ങളെന്നോ വിജ്ഞാനാധിഷ്ഠിതങ്ങൾ (സയൻറിഫിക്) എന്നോ വിളിക്കപ്പെടുന്ന ചില മൂല്യങ്ങൾ നമ്മുടെ സമൂഹത്തിൽ വേരുപിടിക്കുന്നതിനു് എടുക്കുന്ന കാലതാമസവും. 'പ്രതിസന്ധി' എന്ന ഒരേ പേരിൽ പരസ്പരം കൂട്ടിക്കലർത്താതെ, ഈ രണ്ടു പ്രതിഭാസങ്ങളെയും വേർതിരിച്ചു കാണുന്നതു പ്രയോജനകരമായിരിക്കും. കാരണം പാരമ്പര്യാധിഷ്ഠിതമൂല്യങ്ങളുടെ അപചയം നമ്മുടെ ഇച്ഛാപൂർവമായ, തെരഞ്ഞെടുപ്പിന്റെ ഫലമാണ്. അതിനാൽ ഈ അപചയത്തെ തടയുക

യല്ല, പൂർണമാക്കുകയാണു യുക്തിസംഗതമായ കൃത്യം. വിജ്ഞാനാധിഷ്ഠിതമൂല്യങ്ങൾ വേരുപിടിക്കുന്നതിൽ വരുന്ന താമസമാകട്ടെ നമ്മുടെ അശക്തികൊണ്ടും അശ്രദ്ധകൊണ്ടും ഉപേക്ഷകൊണ്ടും സംഭവിക്കുന്നതാകുന്നു. കൂടുതൽ ശക്തി സംഭരിച്ചും, കൂടുതൽ നിഷ്കർഷിച്ചും, കൂടുതൽ ഊർജിതമായി പ്രവർത്തിച്ചും ഈ കാലതാമസം കുറയ്ക്കുകയുമാണ് 'സാംസ്കാരികപ്രതിസന്ധി' ഒഴിവാക്കാനല്ലെങ്കിൽ അതിന്റെ തീക്ഷ്ണത സഹ്യമാക്കുകയെങ്കിലുംചെയ്യുന്നതിനു നാം അനുഷ്ഠിക്കേണ്ടതു്.

പാരമ്പര്യാധിഷ്ഠിതങ്ങളായ പല മൂല്യങ്ങളും തള്ളിക്കളയുവാൻ നാം പ്രതിജ്ഞാബദ്ധരാണ്. ഇന്ത്യൻ സമൂഹത്തിന്റെ ഒരു പാരമ്പര്യമൂല്യമായിരുന്നു സ്ഥിരത (stability) അഥവാ പരിണാമ വിമുഖത. ശ്രേണി (ഹയറാർക്കി) രൂപത്തിൽ സംഘടിപ്പിക്കപ്പെട്ട ഇന്ത്യൻ ഹിന്ദുസമൂഹത്തിൽ നിശ്ചിതമായ പദവിയും (സ്റ്റാററസ്), ഭൂമികയും (റോൾ) ഓരോ ചെറുഗ്രൂപ്പിനും, ഓരോ ഗ്രൂപ്പിലെയും ഓരോ വ്യക്തിക്കും ഉണ്ടായിരുന്നു. ആയിരത്താണ്ടുകളോളം നീണ്ടുനിന്ന ഇസ്ലാമിക വാഴ്ചയോ രണ്ടര നൂററാണ്ടുകളോളം നീണ്ടുനിന്ന പാശ്ചാത്യ (ക്രിസ്ത്യൻ) വാഴ്ചയോ ഇന്ത്യൻ സമൂഹത്തിന്റെ ശ്രേണീബദ്ധരൂപത്തിൽ വലിയ മാററമൊന്നും വരുത്തുകയുണ്ടായില്ല. സമൂഹത്തിൽ ഗ്രൂപ്പുകളുടെ പ്രതീക്ഷിത ഭൂമിക സ്ഥിരമായിരുന്നതിനാൽ വ്യക്തികളുടെ ജീവിതലക്ഷ്യങ്ങളും ഏറെക്കുറെ നിർണീതങ്ങളായിരുന്നു. ഭാരതീയസമൂഹത്തിന്റെ സവിശേഷതയായി കൊണ്ടാടപ്പെട്ടിരുന്ന ആദ്ധ്യാത്മികത, ആർജവം, അനുകമ്പ, ഔദാര്യം, തിതിക്ഷ, സഹിഷ്ണത മുതലായ ഗുണങ്ങളെ പാരമ്പര്യാധിഷ്ഠിതസമൂഹത്തിന്റെ ആപേക്ഷികസ്ഥിരതയുമായി നേരിട്ടു ബന്ധപ്പെടുത്താവുന്നതേയുള്ളു.

സമൂഹത്തിന്റെ ശ്രേണിബദ്ധരൂപം നാം അസന്ദിഗ്ദ്ധമായും നിരാകരിച്ചിരിക്കുന്നു. ജന്മസിദ്ധമായ സാമൂഹ്യഭൂമിക ആർക്കുമില്ലെന്നും എല്ലാ ഭൂമികകളും വൈയക്തികങ്ങളും സ്വന്തം പ്രവൃത്തികളിലൂടെ വ്യക്തികൾ നേടി നിലനിർത്തേണ്ടവയും ആണെന്നുമത്രെ സ്വതന്ത്രഭാരതത്തിന്റെ അടിസ്ഥാനവിശ്വാസങ്ങളിലൊന്ന്. ശ്രേണീബദ്ധത നഷ്ടപ്പെടുന്നതോടെ ഭാരതീയസമൂഹത്തിൽനിന്നു സ്ഥിരത അപ്രത്യക്ഷമാവുകയും അതിന്റെ സ്ഥാനത്തു ചലനക്ഷമത (മൊബിലിററി) പ്രതിഷ്ഠിക്കപ്പെടുകയുംചെയ്യും. ആധുനിക ജനാധിപത്യ—സമൂഹങ്ങളുടെ മുഖ്യ സവിശേഷത ചലനക്ഷമത അഥവാ ഉപരി ചലനക്ഷമത (അപ്‌വേർഡ് മൊബിലിററി) ആകുന്നു. സമൂഹസ്ഥിരതയെന്ന പാരമ്പര്യമൂല്യം തള്ളിക്കളയുമ്പോൾ, അതുമായി ബന്ധപ്പെട്ട ആദ്ധ്യാത്മികത, ആർജവം, അനുകമ്പ, ഔദാര്യം, തിതിക്ഷ, സഹിഷ്ണത മുതലായ ഗുണങ്ങളെയും നമുക്കു ബലികഴിക്കേണ്ടതായിവരും. ആദ്ധ്യാത്മികതയുടെ സ്ഥാനത്തു ഭൗതികത (മെററീരിയലിസം), ആർജവത്തിന്റെ സ്ഥാനത്തു പ്രായോഗികത (പ്രാഗ്മാററിസം), അനുകമ്പയുടെയും ഔദാര്യത്തിന്റെയും സ്ഥാനത്തു സ്വാർത്ഥതല്പരത (സെൽഫ് ഇൻററസ്റ്റ്), തിതിക്ഷയുടെയും സഹിഷ്ണതയുടെയും സ്ഥാനത്തു് അസഹിഷ്ണത (സെൽഫ് അസെർട്ടിവ്നസ്) എന്നിവ കയറിപ്പററാതെ, മത്സരാധിഷ്ഠിതസമൂഹത്തിൽ വ്യക്തികൾക്കു് ഉപരിചലനക്ഷമത കൈവരുത്തുക അസാദ്ധ്യം തന്നെയാണ്. നഷ്ടപ്പെടുന്ന ഈ ഗുണങ്ങളെ മറേറതെങ്കിലും വിധത്തിൽ പുനഃസ്ഥാപിക്കാൻ കഴിയുമോ എന്നേ നമുക്കു് ഇവിടെ നോക്കാനുള്ളു.

ഇന്ത്യൻ സ്വാതന്ത്ര്യത്തിനു് സ്ഥാപനാത്മകരൂപം നൽകിയവരുടെ ഉദ്ദേശ്യം പാരമ്പര്യാധിഷ്ഠിതമായ ഭാരതീയസമൂഹത്തെ അതിവേഗത്തിൽ പരിവർത്തിപ്പിച്ച് ആധുനികീകരിക്കുക എന്നതായിരുന്നു. ഇന്ത്യ

യിൽ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം സമൂഹത്തെ ആധുനികീകരിക്കുകയാണെന്ന് അത്ഥശങ്കയ്ക്ക് ഇടമില്ലാത്തവിധത്തിൽ കോഠാരികമ്മീഷൻ വ്യക്തമാക്കിയിട്ടുണ്ട്. മതനിരപേക്ഷത, ജനാധിപത്യം, സോഷ്യലിസം, വ്യവസായവത്കരണം എന്നിവയിൽ ഊന്നുന്ന നമ്മുടെ ഭരണഘടനയുടെ ലക്ഷ്യവും സമൂഹത്തിന്റെ ആധുനികീകരണമാകുന്നു.

മതനിരപേക്ഷത (സെക്യുലറിസം) എന്നതിനു പ്രായോഗികതലത്തിൽ നാം നല്കുന്ന വ്യാഖ്യാനം എന്തായാലും, ജാതിധർമങ്ങൾ, വർണ്ണധർമങ്ങൾ ആശ്രമധർമങ്ങൾ എന്നിവയുടെ പൂർണ്ണമായ തിരസ്കാരം ആ സങ്കല്പനത്തിൽ അടങ്ങിയിട്ടുണ്ടെന്നതു് അസന്ദിഗ്ധമാകുന്നു. ജാതിധർമസങ്കല്പനം തള്ളിക്കളയുന്നതോടെ സമൂഹത്തിൽ അസ്ഥിരത വന്നുചേരുന്നു. ഏതു തൊഴിലും തെരഞ്ഞെടുക്കാനും, ഒരു തൊഴിലിൽനിന്നു മറ്റൊന്നിലേക്ക് ഇഷ്ടംപോലെ മാറാനും വ്യക്തികൾക്കു സ്വാതന്ത്ര്യമുള്ള ഒരു സമൂഹത്തിൽ തൊഴിൽ ഒരു ജീവിതസമ്പ്രദായമല്ല; ധനാർജനത്തിനുള്ള ഒരു ഉപാധി മാത്രമാകുന്നു. ഉപരിചലനക്ഷമതയ്ക്കു പരമപ്രാധാന്യം കല്പിക്കുന്ന സമൂഹങ്ങളിൽ തൊഴിലിന്റെ ലക്ഷ്യം വില്പനയ്ക്കുള്ള ചരക്കുകൾ ഉല്പാദിപ്പിക്കുക മാത്രമാണ്. (കാഷികോല്പന്നങ്ങളും, വ്യാവസായികോല്പന്നങ്ങളും, സേവനങ്ങളും എല്ലാം ചരക്കുകൾതന്നെ.) ഈ ചുറ്റുപാടിൽ ആകാവുന്നത്ര കുറച്ചുമാത്രം ജോലി ചെയ്തു കഴിയുന്നത്ര കൂടുതൽ ധനം നേടുന്നതിനുള്ള തൃഷ്ണ സാർവത്രികമാവുകയും നിർമിക്കുന്ന ചരക്കുകളുടെ ഗുണത്തിൽ നിഷ്കർഷ ചില പ്രത്യേക സന്ദർഭങ്ങളിൽ തികച്ചും നശിക്കുകയും ചെയ്താൽ, അതിൽ അത്ഭുതപ്പെടാനില്ല. തൊഴിലിനോട്, പ്രത്യേകിച്ചും കായികാദ്ധ്വാനത്തോട്, തോന്നുന്ന പൂർണമായ വിരക്തി (എലിയനേഷൻ) ഈ പരിതഃസ്ഥിതിയുടെ ഒരു സ്വാഭാവികഫലം ആകുന്നു. തൊഴിലിൽ വിരക്തനായ ഒരാൾ നിർവഹിക്കാൻ ബാദ്ധ്യതപ്പെട്ട സേവനം അയാളിൽനിന്നു പൊതുജനങ്ങൾക്കു ലഭ്യമാക്കുന്നതിന്, അയാൾക്കു നൽകപ്പെടുന്നതും ഏതുവിധത്തിലും കിട്ടുമെന്ന് അയാൾക്ക് ഉറപ്പുള്ളതുമായ കൂലിയോ ശമ്പളമോ മതിയാവാതെവരുന്നു. സേവനം ആവശ്യപ്പെടുന്ന ഉപഭോക്താവ് ഒന്നുകിൽ കൈക്കൂലി കൊടുക്കുകയോ അല്ലെങ്കിൽ, സേവനം പിടിച്ചുവാങ്ങാൻ ആവശ്യമായ ദ്രോഹശക്തി തന്റെ കൈയിലുണ്ടെന്നു തെളിയിക്കുകയോ വേണമെന്ന നില വന്നുകൂടുന്നു. ഈ സ്ഥിതി ഇന്ത്യയിലെങ്ങും ഇന്ന് ഉളവായിട്ടുണ്ട്. യാത്രയ്ക്ക് ഒരു ടിക്കറ്റു കിട്ടണമെങ്കിലോ ബാർബർഷോപ്പിൽനിന്നു വേഗത്തിൽ മുടിവെട്ടി പോരണമെങ്കിലോ ചായക്കടയിൽ ഒഴിഞ്ഞ ഒരു മൂലയിലിരുന്നു സ്വൈരമായി ആഹാരം കഴിക്കണമെങ്കിലോ സർക്കാരാപ്പീസിൽ ഒരു ഫയൽ ഒരു മേശമേൽനിന്നു മറ്റൊന്നിലേക്കു നീങ്ങണമെങ്കിലോ സ്കൂളിൽ ഒരു കുട്ടിയെ ചേർക്കണമെങ്കിലോ അർഹതയുള്ള ഒരു ജോലി നേടണമെങ്കിലോ ഒക്കെ കൈക്കൂലിയോ ശുപാർശയോ ആവശ്യമായിട്ടുണ്ടെന്നതാണല്ലോ നമ്മുടെ ഇന്നത്തെ അങ്കലാപ്പുകളിൽ പ്രധാനപ്പെട്ട ഒന്ന്. 'സേവനം' എന്ന പദത്തിനുതന്നെ ഇന്നു വളരെയധികം മങ്ങൽ ഏറ്റിരിക്കുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, സേവനം ഒരു കച്ചവടച്ചരക്കായി മാറിയിരിക്കുന്നു. അതിനു നാം നൽകേണ്ട കരിഞ്ചന്തവില നാൾക്കുനാൾ വർദ്ധിച്ചുവരികയുമാണ്. ഉപരിചലനക്ഷമതയുള്ള ഒരു ആധുനികസമൂഹം നിലവിൽ വരുത്തുന്നതിന്, 'സെക്യുലറിസം' പ്രായോഗികമാക്കുന്നതിന്, നാം നല്കേണ്ടിവന്ന വിലകൂടിയാണിതു്.

രാഷ്ട്രത്തിന്റെ പരമാധികാരം എല്ലാ പൗരന്മാരിലും ഒരുപോലെ നിക്ഷിപ്തമായിരിക്കുന്നു എന്ന വിശ്വാസമാണല്ലോ ജനാധിപത്യത്തിന്റെ ആധാരശില. നിയമദൃഷ്ടിയിൽ എല്ലാ പൗരന്മാരും സമന്മാരാണ്. സമൂഹത്തിന്റെ വിഭവങ്ങളിൽ എല്ലാവർക്കും സമമായ അവകാശ

മുണ്ട്. അവകാശത്തെപ്പററിയുള്ള ഈ ധാരണ ഭാരതീയ സമൂഹത്തിലെ അഭ്യസ്തവിദ്യരായ വിഭാഗത്തിൽ ആഴത്തിൽ വേരോടിക്കഴിഞ്ഞിട്ടുണ്ട്. പക്ഷേ, സമൂഹത്തിലെ ഭൂരിഭാഗം വരുന്ന നിരക്ഷരവിഭാഗം ഈ അവകാശത്തെപ്പററി ഇനിയും മനസ്സിലാക്കിയിട്ടില്ല. അതിനാൽ, സമകാല ഭാരതീയ ജനാധിപത്യത്തിൽ അവകാശങ്ങളുള്ളതു വാചാലമായ അഭ്യസ്തവിദ്യ—സമ്പന്ന—അഭിജാത—സംഘടിത—ന്യൂനപക്ഷ വിഭാഗങ്ങരംക്കു മാത്രമാകുന്നു. ദരിദ്ര—നിരക്ഷര—അസംഘടിത ഭൂരിപക്ഷങ്ങളുടെ അവകാശങ്ങളെ നിഷേധിക്കാനും, അതു നിഷേധിക്കുന്നതിനായി വേണ്ടിവന്നാൽ സമ്മർദമോ ബലപ്രയോഗംപോലുമോ നടത്താനും മുൻപറഞ്ഞ 'അവകാശങ്ങ'ളുള്ള ന്യൂനപക്ഷത്തിനു യാതൊരു മനസ്സാക്ഷിക്കുത്തും ഇല്ലാതായിരിക്കുന്നു.

അവകാശങ്ങളെപ്പററിയുള്ള ധാരണയോടൊപ്പം, അവകാശങ്ങളുടെ തന്നെ മറുവശമായ കടമകളെപ്പററിയുള്ള ധാരണകൂടി ജനാധിപത്യത്തിൻെറ ചുവടുറപ്പിനു് അനുപേക്ഷണീയമാകുന്നു. സമൂഹത്തിൻെറ വിഭവങ്ങളിൽ പങ്കുപററുന്ന പൗരനു് സമൂഹത്തിൻെറ ഭദ്രത നിലനിർത്തുവാനുള്ള ബാദ്ധ്യതയുമുണ്ട്. സമൂഹഭദ്രതയ്ക്കുവേണ്ടി ജനാധിപത്യത്തിലെ ഓരോ പൗരനും പ്രതിഫലേച്ഛകൂടാതെ നിരന്തരം അദ്ധ്വാനിക്കുകയും, സ്വന്തം ധനം മാത്രമല്ല, ജീവൻകൂടി സമൂഹത്തിനുവേണ്ടി ബലികഴിക്കാൻ തയ്യാറാവുകയും വേണം. പക്ഷേ, ജനാധിപത്യത്തിലെ കടമകളെപ്പററിയുള്ള ബോധം ജനസമൂഹത്തിൻെറ മനസ്സിൽ ആഴത്തിൽ വേരോടാൻ വളരെക്കാലം പിടിക്കും. അവകാശങ്ങളെപ്പററിയുള്ള, പലപ്പോഴും അതിരഞ്ജിതമായ ബോധം ജനങ്ങരം പ്രത്യേകിച്ചും മേൽത്തട്ടിലുള്ളവർ അതിവേഗം ഉരംക്കൊള്ളുകയുംചെയ്യും. ഇന്ത്യയിൽ സംഭവിച്ചിട്ടുള്ളതു് ഇതാണു്—ഇന്ത്യയിലെ അഭ്യസ്തവിദ്യ—സമ്പന്ന—അഭിജാത—സംഘടിത—വരേണ്യവർഗത്തിൻെറ അവകാശങ്ങരംക്കുവേണ്ടിയുള്ള ബഹളംവയ്ക്കലും കടമകളെ സംബന്ധിച്ചുള്ള പൂർണമായ അന്ധതയും ഏറെക്കുറെ അരാജകത്വത്തിനു തുല്യമായ ഒരവസ്ഥ നമ്മുടെ സമൂഹത്തിൽ സൃഷ്ടിച്ചിരിക്കുന്നു. ശമ്പളജീവിവർഗങ്ങളിലാണു് ഈ ബഹളം ഏററവും പ്രകടമായിട്ടുള്ളതു്. 'ത്യക്തേന ഭുഞ്ജീഥാഃ' എന്ന ഉപനിഷദനുശാസനത്തിലെ 'ത്യക്തേന' എന്നതു് നാം ത്യജിക്കുകയും 'ഭുഞ്ജീഥാഃ' എന്നതു തൊണ്ടതൊടാതെ വിഴുങ്ങുകയുംചെയ്തിരിക്കുന്നു. അല്പം കുസലില്ലായ്മയും ഏറെ നിർലജ്ജതയും ഉണ്ടെങ്കിൽ ഏതു ശമ്പളജീവിക്കും (എം. എൽ. എ. മാരും എം. പി. മാരും മന്ത്രിമാരും എല്ലാം ശമ്പളജീവികരംതന്നെ.) എന്തും ചെയ്യാമെന്നതാണു് ഭാരതീയസമൂഹത്തിൽ ഇന്നത്തെ നില. ശമ്പളജീവികരം നമ്മുടെ സമൂഹത്തിലെ പുതിയ ചൂഷക—മർദകവർഗമായി വളർന്നിരിക്കുന്നു. ഇന്ത്യയിലിന്നുള്ളതു് ശമ്പളജീവിവർഗത്തിൻെറ സർവാധിപത്യമാണെന്നു പറയാം. നമ്മുടെ ഇന്നത്തെ അസ്വസ്ഥതകളിൽ വളരെ വലിയ ഒരു പങ്കിനു് ഉത്തരവാദിത്തം വഹിക്കേണ്ടതു് ഇവിടത്തെ ശമ്പളജീവിവർഗ സർവാധിപത്യമാണു്. ഭാരതീയ ജനാധിപത്യഭരണക്രമത്തെ 'ദന്തശൂന്യം' എന്നു പലരും ആക്ഷേപിച്ചിട്ടുണ്ട്. അവകാശബോധവും കർത്തവ്യബോധവുമാണു ജനാധിപത്യത്തിൻെറ രണ്ടു വരി പല്ല്. ഇവിടെ അവകാശബോധമെന്ന പല്ലേ മുളച്ചിട്ടുള്ളു; അതും ശമ്പളജീവിവർഗത്തിനുമാത്രം. കർത്തവ്യബോധമെന്ന പല്ല് ആർക്കും മുളച്ചിട്ടില്ല. ജനാധിപത്യം എങ്ങനെ ദന്തശൂന്യമാകാതിരിക്കും?

സോഷ്യലിസം ഒരു ലക്ഷ്യമായി നാം അംഗീകരിച്ചിട്ടുണ്ടെങ്കിലും, 'കഴിവനുസരിച്ച പണി, പണിയനുസരിച്ച കൂലി' എന്ന സോഷ്യലി-

സത്തിൻെറ ആധാരതത്ത്വം നമുക്കു സമ്മതമല്ല. സോഷ്യലിസമെന്ന പേരിൽ നാം നടപ്പിൽ വരുത്താൻ ശ്രമിക്കുന്നതു സർക്കാർ സേവനങ്ങളും ഏതാനും വ്യവസായങ്ങളുമടങ്ങുന്ന പൊതുമേഖലയത്രെ. റെയിൽവേ, കമ്പിത്തപാൽ മുതലായ ചില വ്യവസായങ്ങൾ ബ്രിട്ടീഷ് വാഴ്ചക്കാലത്തുതന്നെ ഇന്ത്യയിൽ പൊതുമേഖലയിലായിരുന്നു. സമ്പദ്ഘടനയിലെ 'ആധിപത്യം നൽകുന്ന ഔന്നത്യങ്ങൾ' (കമാൻഡിങ് ഹൈററ്സ്) പൊതുമേഖലയായിരിക്കണമെന്ന തീർപ്പിൻെറ ഫലമായി വൈദ്യുതിയുല്പാദനവും ഇരുമ്പ്, സിമൻറ്, എണ്ണ തുടങ്ങിയ അടിസ്ഥാന വ്യവസായങ്ങളും പൊതുമേഖലയിലാണു നാം ആരംഭിച്ചതു്. ചിലപ്പോൾ സമ്മർദങ്ങൾക്കു വഴങ്ങി, നഷ്ടത്തിൽ നടക്കുന്ന അപ്രധാന വ്യവസായങ്ങളും പൊതുമേഖലയിലേക്കു കൂട്ടിച്ചേർത്തു. അസുരവിത്തുപോലെ പൊട്ടിത്തഴച്ചു പെട്ടെന്നു വളൎന്ന ഭരണയന്ത്രം (സർക്കാർ) പൊതുമേഖലയുടെ സുപ്രധാന ഭാഗമായിത്തീരുകയുംചെയ്തു. വ്യാവസായികത്തൊഴിലാളികൾ നേടിയിരുന്ന എല്ലാ അവകാശങ്ങളും പോലീസ് അടക്കമുള്ള സർക്കാറുദ്യോഗസ്ഥന്മാർ പിടിച്ചുവാങ്ങി; പണിമുടക്കു് അവരുടെ നിത്യസമരമുറയായി മാറി.

ഉല്പാദനം പൊതുമേഖലയിലാവുമ്പോൾ തൊഴിലാളികൾ കർശനമായ അച്ചടക്കത്തിനു വിധേയരാവേണ്ടതുണ്ടു്. തൊഴിലാളി വർഗസർവ്വാധിപത്യമുള്ള സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളിൽ സംഘടിക്കാനും പണിമുടക്കാനുമുള്ള തൊഴിലാളികളുടെ അവകാശത്തിനുമേൽ ദൃശ്യങ്ങളും അദൃശ്യങ്ങളുമായ എത്രയോ നിയന്ത്രണങ്ങൾ ഏർപ്പെടുത്തപ്പെട്ടിരിക്കുന്നു. ഈ രാഷ്ട്രങ്ങളിൽ സർക്കാർ എന്ന സ്ഥാപനത്തിലെ ഉദ്യോഗസ്ഥന്മാരും കട്ടത്ത അച്ചടക്കം പുലർത്തേണ്ടതായിട്ടുണ്ടു്. പക്ഷേ, ഇത്തരം നിയന്ത്രണങ്ങൾക്കു നമ്മുടെ സോഷ്യലിസത്തിൽ ഒരു സ്ഥാനവുമില്ല. ജനാധിപത്യത്തിൽ എന്തു നിയന്ത്രണം? എല്ലാ നിയന്ത്രണങ്ങളിൽനിന്നുമുള്ള മോചനമല്ലേ ജനാധിപത്യം? ഫലമോ? പൊതുമേഖല ഇന്ത്യയിൽ സാമാന്യജനങ്ങൾക്ക് അനുഗ്രഹത്തേക്കാളേറെ അഭിശാപമായി പരിണമിച്ചിരിക്കുന്നു. പൊതുമേഖലാവ്യവസായങ്ങളിലും ഭരണകൂടത്തിലും നടക്കുന്ന തട്ടിപ്പുകളും വെട്ടിപ്പുകളും വേണ്ടതു നിർവഹിക്കാതിരിക്കലും വേണ്ടാത്തതു നിർവഹിക്കലും, സോഷ്യലിസമെന്ന ആദർശത്തിൽത്തന്നെ നമുക്കു വിശ്വാസമില്ലാതാക്കിയിരിക്കുന്നു. സോഷ്യലിസത്തിൻെറ ചില ബാഹ്യഘടകങ്ങളെ ഉൾക്കൊള്ളാനല്ലാതെ, അതിൻെറ ആദ്ധ്യാത്മികമൂല്യങ്ങളെ, സമഷ്ടിയുടെ നന്മയിലുള്ള ഊന്നലിനെ, സമഷ്ടിക്കുവേണ്ടി പരമാവധി അദ്ധ്വാനിക്കാനും ത്യാഗം അനുഷ്ഠിക്കാനുമുള്ള വ്യക്തിയുടെ കടമയെ, സോഷ്യലിസത്തിൻെറ ഔദാര്യത്തേയും ദയാർദ്രതയെയും, അംഗീകരിക്കാനും നടപ്പിൽ വരുത്താനും നാം ഒരുങ്ങിയിട്ടില്ല. സോഷ്യലിസത്തിൻെറ 'ആദ്ധ്യാത്മികമൂല്യങ്ങൾ' എന്നു പറഞ്ഞാൽത്തന്നെ നമ്മുടെ ഇടതുപക്ഷക്കാരിലധികവും നെററി ചുളിച്ചേക്കും. സോഷ്യലിസത്തിൽ എന്തു് ആദ്ധ്യാത്മികം? ശുദ്ധ ഭൗതികവാദമല്ലേ സോഷ്യലിസം! അതു് ആദ്ധ്യാത്മികതയുമായി പൊരുത്തപ്പെടുന്നതെങ്ങനെ? സോഷ്യലിസം നടപ്പിൽ വരുത്തുന്നതിനു സത്യസന്ധതയോടെ ശ്രമിക്കുന്ന സമൂഹങ്ങൾ, ഉദാഹരണത്തിനു് റഷ്യയും ചൈനയും, ആദ്ധ്യാത്മികതയ്ക്കു നൽകുന്ന ഊന്നൽ അവർ കണ്ടിട്ടില്ല; കണ്ടാലും അവർക്കു് അതൊട്ടു മനസ്സിലാകയുമില്ല.

ത്വരിതഗതിയിലുള്ള മുതലാളിത്ത—വ്യവസായവല്ക്കരണമാണു നമ്മുടെ കൺമുന്നിൽ, ഇന്ത്യയിൽ, സംഭവിച്ചുകൊണ്ടിരിക്കുന്നതു്. ഉപഭോഗവസ്തുക്കളുടെ സംസ്കരണത്തിൽ (മാനുഫാക്ചറിങ്) മാത്രമല്ല, കൃഷിയിലും ഈ വ്യവസായവല്ക്കരണം സംഭവിച്ചിരിക്കുന്നു. വില്ലാനാണു്,

ഉപഭോഗത്തിനല്ല നാം കൃഷിചെയ്യുന്നത്. നമ്മുടെ വിളകളെല്ലാം വാണിജ്യ വിളകളാണ്. വില്ക്കാനാണ് പൂക്കൾപോലും നാം നട്ടുനനച്ചു വളർത്തുന്നത്. നമ്മുടെ വിദ്യാലയങ്ങളെല്ലാം വ്യവസായശാലകളാണ്. നല്ലൊരു കച്ചവടച്ചരക്കാണ് നമ്മുടെ നാട്ടിൽ വിദ്യാഭ്യാസം. വ്യവസായവത്കൃത സമൂഹം ഉപഭോക്തൃസമൂഹം കൂടി (കൺസ്യൂമർ സൊസൈററി) ആകുന്നു. ഈ സമൂഹത്തിലെ എല്ലാ ഉല്പന്നങ്ങളും വില്ക്കാനുള്ള ചരക്കുകളാണ്. തുണിയും സോപ്പുംപോലെ നാം സാഹിത്യവും സംഗീതവും നൃത്തവും ചിത്രവും, സിനിമയും നാടകവും, മതവും യുക്തിവാദവും, എല്ലാം ഉണ്ടാക്കി വില്ക്കുന്നു. ലാഭമാണ് ഈ നിർമാണത്തിലും വില്പനയിലും അടങ്ങിയ നിയാമകതത്ത്വം. ഗുണത്തിനു് ഏററവും താഴ്ന്ന സ്ഥാനമേയുള്ളു. ചുരുക്കത്തിൽ വ്യവസായവല്ക്കരണത്തിന്റെ 'ലാഭമൂല്യം' നാം പൂർണമായും അംഗീകരിക്കുകയും സാംസ്കാരികരംഗത്തിലേക്കു് ഈ മൂല്യത്തെ വ്യാപിപ്പിക്കുകയുംചെയ്തിരിക്കുന്നു. ചരക്കുകളുടെ ഗുണം വർദ്ധിപ്പിക്കുക, അവ സാർവത്രികമായി ലഭ്യമാക്കുക, നിലവാരം അനുക്രമം ഉയർത്തുക മുതലായ വ്യവസായവല്ക്കരണത്തിന്റെ മററു മൂല്യങ്ങൾ നമ്മെ സംബന്ധിച്ചിടത്തോളം തികച്ചും അപ്രസക്തങ്ങളാണ്.

സമകാലസാഹിത്യത്തിന്റെ സാരശൂന്യതയെപ്പററി സാഹിത്യകാരന്മാരിൽ മിക്കവർക്കും ആവലാതിയുണ്ടു്. സിനിമയിലെ അശ്ലീലതയെപ്പററി, നൃത്തവേദിയിലെ നഗ്നതയെപ്പററി, തത്ത്വചിന്തയുടെ പ്രസക്തിരാഹിത്യത്തെപ്പററി, സർഗാത്മകകലകളിലെ അനുകരണാത്മകതയെപ്പററി, വിമർശനത്തിലെ 'ക്ളിക്കിസ'ത്തെപ്പററി, ഒക്കെ നാം അസ്വസ്ഥരാണ്. എന്നാൽ, സാർവത്രികമായ ഈ ഗ്രാമ്യവല്ക്കരണം (വൾഗറൈസേഷൻ) നാം ഇച്ഛാപൂർവം അംഗീകരിച്ച വ്യവസായവല്ക്കരണത്തിന്റെ യുക്തിസംഗതമായ ഒരു ഉപോല്പന്നമാണെന്ന വസ്തുത നമ്മുടെ കാഴ്ചപ്പാടിൽ ഉണ്ടായിരിക്കണം. നാൾതോറും പലമടങ്ങായി പെരുകിവരുന്ന, അല്പശിക്ഷിതമോ അർദ്ധശിക്ഷിതമോ ആയ, ഒരു ഉപഭോക്തൃസമൂഹത്തിനു കാശിനു കൈമാറാനുള്ളതാണ്, വ്യാവസായികോല്പന്നങ്ങളെന്നപോലെ, നമ്മുടെ പ്രാതിഭോല്പന്നങ്ങളും. മാർക്കററിലെത്തുന്ന ഭൗതികച്ചരക്കുകളിലെന്നപോലെ ബഹുജനോപഭോഗത്തിനുദ്ദേശിക്കപ്പെട്ട സാഹിത്യത്തിലും കലയിലും വിജ്ഞാനത്തിലും തത്ത്വചിന്തയിലും വലിയ അന്തസ്സാരമൊന്നും പ്രതീക്ഷിക്കാതിരിക്കുകയാണു ബുദ്ധി; ധാരാളം കലർപ്പും കൃത്രിമവും പ്രതീക്ഷിക്കുകയാണു നിരാശത നേരിടാതിരിക്കാനുള്ള മാർഗം.

ഞാൻ പറഞ്ഞുവന്നതു് ഇതാണ്: സമൂഹത്തിന്റെ ആധുനികീകരണമെന്ന ലക്ഷ്യം നാം ബോധപൂർവം തെരഞ്ഞെടുത്തിരിക്കുന്നു. ഈ തെരഞ്ഞെടുപ്പിന്റെ അനിവാര്യഫലമാണ് ഇന്നു നമ്മെ വലയംചെയ്യുന്ന അരാജകത്വവും ശിഥിലീഭവനവും മൂല്യധ്വംസനവും താന്തോന്നിത്തവും എല്ലാം. അവയ്ക്കുള്ള വഴി ഏതെങ്കിലുമൊരു വ്യക്തിയിലോ ഗ്രൂപ്പിലോ, വർഗത്തിലോ, പാർട്ടിയിലോ, സംവിധാനത്തിലോ ചാരി സ്വയം ആശ്വാസം കൊള്ളുന്നതിൽ അർത്ഥമില്ല.

ആധുനികീകരണം മോശമെന്നോ, പരിത്യാജ്യമെന്നോ അല്ല എന്റെ വിവക്ഷ. പാശ്ചാത്യരീതിയിലുള്ള ആധുനികീകരണം, ഗാന്ധിജി വിഭാവനംചെയ്ത ഗ്രാമസ്വരാജ് എന്ന രണ്ടു വികല്പങ്ങളാണ് സ്വതന്ത്രഭാരതത്തിന്റെ മുന്നിലുണ്ടായിരുന്നതു്. 'ഹിന്ദ്സ്വരാജി'ലും തുടർന്നുള്ള എത്രയോ ലേഖനങ്ങളിലും മഹാത്മാഗാന്ധി ചിത്രണംചെയ്ത ഗ്രാമസ്വരാജ് വ്യവസ്ഥിതി ഇന്നത്തെ പരിതഃസ്ഥിതിയിൽ സാദ്ധ്യമാണെന്നോ, സാദ്ധ്യമെങ്കിൽത്തന്നെ കാമ്യമാണെന്നോ എനിക്കുതോന്നിയിട്ടില്ല. വ്യവസായവല്ക്കരണം മനുഷ്യചരിത്രത്തിലെ ഒഴിച്ചുകൂടാനാവാത്തൊരു ദശാസന്ധി

യാണ്. കഴിയുന്നത്ര വേഗത്തിൽ വ്യവസായവല്ക്കരണം പൂർത്തിയാക്കുകയാണ് നമ്മുടെ കർത്തവ്യമെന്ന ഞാൻ വിശ്വസിക്കുന്നു. പക്ഷേ, അതിന് അനിവാര്യമായും നല്കേണ്ട വില മാത്രമേ നാം നല്കാവൂ. മറെറാരു വിധത്തിൽ പറഞ്ഞാൽ, വ്യവസായവല്ക്കരണത്തിന്റെ നിഷേധാത്മകമൂല്യങ്ങളോടൊപ്പം വിദ്ധ്യാത്മകമൂല്യങ്ങളെയും നാം ഉൾക്കൊള്ളണം. വ്യവസായവത്കൃതസമൂഹത്തിലെ കഴുത്തറപ്പൻമത്സരത്തിന് ഒട്ടെങ്കിലും ഉപശാന്തി കൈവരണമെങ്കിൽ, സോഷ്യലിസത്തിന്റെ ഉദാര–മാനവവാദ–മൂല്യങ്ങളെ വ്യവസായവല്ക്കരണവുമായി കൂട്ടിയിണക്കുകതന്നെ വേണം. ജനാധിപത്യംപോലെ സ്പൃഹണീയമായ ഒരു ഭരണവ്യവസ്ഥിതി വേറെ ഉണ്ടായിട്ടില്ലെന്നു മാത്രമല്ല, ഉണ്ടാകുകയില്ലെന്നുകൂടി എനിക്ക് അഭിപ്രായമുണ്ട്. പക്ഷേ, അവകാശങ്ങൾക്കു തുല്യമായ പ്രാധാന്യം കടമകൾക്കുകൂടി നൽകുമ്പോഴേ നാം ജനാധിപത്യത്തിന്റെ സാംസ്കാരികമൂല്യങ്ങൾ ഉൾക്കൊള്ളുകയുള്ളു. ഇന്ത്യയെപ്പോലുള്ള ഒരു ബഹുപാത്മക (പ്ലൂരൽ) സമൂഹത്തിൽ മതനിരപേക്ഷത ജനാധിപത്യത്തിന്റെ അടിസ്ഥാനഘടകമാണ്. പക്ഷേ, മതത്തെ ഭരണത്തിൽനിന്ന് ഒഴിച്ചു നിർത്തണമെന്ന വാദത്തിനർത്ഥം വ്യക്തിയുടെ ബുദ്ധിപരവും ആദ്ധ്യാത്മികവുമായ വളർച്ചയ്ക്കും സമൂഹവും വ്യക്തിയും തമ്മിലുള്ള സംഘർഷം ഒഴിവാക്കുന്നതിനും സഹസ്രാബ്ദങ്ങളിലൂടെ മതം അനുശാസിച്ചുവരുന്ന ധർമസംഹിത പാടെ കൈവിടണമെന്നല്ല.

ആധുനികീകരണത്തെ സ്വാഗതംചെയ്യുന്ന അവസരത്തിൽത്തന്നെ, അതിന്റെ എല്ലാ തിന്മകളെയും പിറുപിറുപ്പുകൂടാതെ സ്വീകരിക്കേണ്ട ബാദ്ധ്യത നമുക്കില്ല. മതനിരപേക്ഷതയുടെയും ജനാധിപത്യത്തിന്റെയും വ്യവസായവല്ക്കരണത്തിന്റെയും സോഷ്യലിസത്തിന്റെയും വിദ്ധ്യാത്മകവശങ്ങൾക്ക്, സാംസ്കാരികമൂല്യങ്ങൾക്ക് വേണ്ടവിധത്തിൽ ഊന്നൽ നൽകുകയാണ് ഈ തിന്മകളുടെ രൂക്ഷത കുറെയെങ്കിലും പരിഹരിക്കുന്നതിനുള്ള മാർഗമെന്ന വസ്തുത നാം കാണാതിരുന്നുകൂടാ. ചീത്ത ജനാധിപത്യത്തിന്റെ പ്രതിവിധി ജനാധിപത്യനിഷേധമല്ല, നല്ല ജനാധിപത്യമാണ്. അഴിമതിനിറഞ്ഞ, കാര്യക്ഷമതയില്ലാത്ത, പൊതുമേഖലയ്ക്കു പകരംവയ്ക്കേണ്ടതു സ്വകാര്യമേഖലയെയല്ല, അഴിമതി പരമാവധി കുറഞ്ഞതും കാര്യക്ഷമതയിൽ അങ്ങേയററം ശ്രദ്ധ ചെലുത്തുന്നതുമായ പൊതുമേഖലയെയാണ്. ബഹുജനോപഭോഗത്തിന് ഉദ്ദിഷ്ടമായ, മൃദു–അശ്ലീലപ്രായമായ സാഹിത്യത്തിന്റെ സ്ഥാനത്തു വിഷയഗൗരവം തികഞ്ഞതും പ്രതിപാദനത്തിൽ സാരള്യം പുലർത്തുന്നതുമായ സാഹിത്യം പ്രചരിപ്പിക്കാനാവണം നമ്മുടെ യത്നം.

സമകാലഭാരതീയസമൂഹത്തെ നയിക്കുന്നത് ആശയമല്ല, അധികാരമാണ് എന്ന വസ്തുത ഞാൻ കാണാതിരിക്കുന്നില്ല. മുതലാളിത്തവ്യവസ്ഥയിൽ അധികാരത്തിന്റെ ഉറവിടം പണമാണ്; ജനാധിപത്യവ്യവസ്ഥയിൽ അധികാരത്തിന്റെ ഉറവിടം സംഖ്യാബഹുത്വമാകുന്നു. ഇന്ത്യൻ ജനാധിപത്യത്തിൽ സംഖ്യാബഹുത്വം (ഭൂരിപക്ഷം വോട്ട്) നേടുന്നതിനുള്ള ഉപാധിയായിത്തീർന്നിരിക്കുന്നു പണം. പണത്തിലൂടെ സംഖ്യാബഹുത്വം നേടി അധികാരം പിടിച്ചുപററുന്നതിനുള്ള നെട്ടോട്ടമാണ് ഇന്നു നമ്മുടെ പൊതുജീവിതം.

പക്ഷേ, നാടോടുമ്പോൾ നടുവെ ഓടാതിരിക്കാനുള്ള സ്വാതന്ത്ര്യം എഴുത്തുകാർക്കുണ്ട്. ഉപഭോക്തൃസമൂഹത്തിന്റെ ആൾക്കൂട്ടസംസ്കാരത്തെ എഴുത്തുകാരൻ അങ്ങനെതന്നെ അംഗീകരിച്ചുകൊള്ളണമെന്ന് ഒരു നിയമവുമില്ല. റിപ്പയർ നടക്കാതെ പൊട്ടിപ്പൊളിഞ്ഞ കുണ്ടും കുഴിയുമായിക്കിടക്കുന്ന റോഡിലൂടെ മെല്ലെ മുന്നേറുമ്പോഴും എഴുത്തുകാരന് അയാളു

ടെ വാഹനത്തെ ഒരു നക്ഷത്രവുമായി കൂട്ടിക്കെട്ടുവാൻ ഇന്നത്തെ ഇന്ത്യയിൽ യാതൊരു പ്രതിബന്ധവുമില്ല.

അധികാരത്തിനുവേണ്ടിയുള്ള നെറികെട്ട സംഘർഷത്തിൽനിന്നു വിട്ടുനില്ക്കാൻ ധൈര്യമുള്ളപക്ഷം ഇന്ത്യയിലെ എഴുത്തുകാരനു് ഇന്നത്തെ സാംസ്കാരികാധഃപതനത്തിനെതിരെ പലതും ചെയ്യാൻ കഴിയും. ജനത കണ്ടറിഞ്ഞുൾക്കൊള്ളുന്നതിനു സ്വാഭാവികമായി വളരെ താമസം നേരിട്ടേക്കാവുന്ന ജനാധിപത്യത്തിൻെറയും സോഷ്യലിസത്തിൻെറയും ആദ്ധ്യാത്മിക—സാംസ്കാരിക—മാനവികമൂല്യങ്ങളെ സ്വന്തം ജീവിതത്തിൽ സാക്ഷാത്കരിക്കുകയും തൻെറ കൃതികളിലൂടെ ആവിഷ്കരിക്കുകയുമാണു സർഗപ്രതിഭയുള്ള ഭാരതീയ സാഹിത്യകാരൻ ഇന്നു ചെയ്യേണ്ടതു്. നല്ല സാഹിത്യത്തിൻെറ ആരോഗ്യകരമായ സ്വാധീനം മെല്ലെയെങ്കിലും നിശ്ചിതമായി സമൂഹചേതനയിൽ സ്പൃഹണീയമായ മാററം വരുത്താതിരിക്കുകയില്ല.

'ഞാൻ പറഞ്ഞതു് ആരും കേൾക്കുന്നില്ലല്ലോ!' എന്ന ആവലാതിയുള്ളപ്പോൾത്തന്നെ വ്യാസമഹർഷി, അർത്ഥകാമങ്ങൾക്കു് ആധാരം ധർമ്മമായിരിക്കണമെന്നു കൈയുയർത്തി കരഞ്ഞുകൊണ്ടു് ഉദ്ബോധിപ്പിക്കുകയുണ്ടായി. മഹർഷിയുടെ ആ ഉദ്ബോധനം ശതാബ്ദങ്ങൾക്കപ്പുറത്തുനിന്നു് ഇന്നും നമ്മുടെ ചെവിയിൽ പ്രതിധ്വനിച്ചുകൊണ്ടിരിക്കുന്നു. നടുറോഡിൽ ചെന്നു കരഞ്ഞു കൈയുയർത്തിനിന്നു സ്വന്തം വിശ്വാസപ്രമാണങ്ങൾ വിളിച്ചുപറയാനുള്ള തൻേറടം, വ്യാസമഹർഷിയുടെ പൈതൃകം ഇന്നു പോറുന്ന ഇന്ത്യയിലെ സാഹിത്യകാരന്മാർക്കു് ഉണ്ടാകട്ടെ!